പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.4215

25.06.2018 -ലെ മറുപടിയ്ക്ക്

## വിവിധ തൊഴിൽ മേഖലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ നെല്ലിക്കുന്ന് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മിന്നൽ പണിമുടക്ക് നിരുത്സാഹപ്പെടുത്താൻ സർക്കാർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എ) നിലവിലില്ല. |
| (ബി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്കായി സേവന-വേതന ക്രമീകരണ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) സംസ്ഥാനത്തെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala Payment of Minimum Wages to Teachers of Unaided Educational Institutions Bill 2014-ന്റെ കരട് സർക്കാർ പരിശോധിച്ച് വരുന്നു. |
| സി)തോട്ടം മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുനരുദ്ധാരണ പാക്കേജിന്റെ വിശദാംശം നൽകാമോ? | (സി) പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മേഖലയ്ക്ക് പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനും പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ